പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 945 14-10-2026-ൽ മറുപടിയ്ക്ക്

ശുദ്ധജല വിതരണ പദ്ധതികളുടെ തടസ്സങ്ങളും ജലഗുണനിലവാരവും

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. ഉല്ലാസ് കോവൂർ

ശ്രീ. വിഷ്ണു മോഹൻ

ശ്രീ. വി. കുഞ്ഞികൃഷ്ണൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. മോൻസ് ജോസഫ്

(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ വിവിധ കുടിവെള്ള പദ്ധതികളുടെ പമ്പ് ഹൗസുകളിലും പ്ലാന്റുകളിലും ആവശ്യത്തിന് വൈദ്യുതി ലഭ്യമല്ലാത്തത് കാരണം ജലവിതരണം തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

മറുപടി: ഉണ്ട്. കേരള ജല അതോറിറ്റിയുടെ പമ്പ്ഹൗസുകളിലും പ്ലാന്റുകളിലും വൈദ്യുതി തടസ്സം മൂലവും വോൾട്ടേജ് കുറവ് മൂലവും വിതരണം തടസപ്പെടാറുണ്ട്. കൂടാതെ കെഎസ്ഇബി അവരുടെ അറ്റകുറ്റപ്പണിയുടെ ഭാഗമായി ഭാഗികമായ വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തുന്ന വേളകളിലും ജലവിതരണം തടസ്സപ്പെടാറുണ്ട്.

(ബി) ജല അതോറിറ്റിയുടെ പൈപ്പുകളിലൂടെ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം കൃത്യമായ ഇടവേളകളിൽ പരിശോധിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

മറുപടി: കേരള ജല അതോറിറ്റിയിൽ കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായി പ്രത്യേകം ക്വാളിറ്റി കൺട്രോൾ വിഭാഗം പ്രവർത്തിച്ചുവരുന്നു.ഈ വിഭാഗത്തിനു കീഴിൽ ഒരു സ്റ്റേറ്റ് ലാബും 14 ജില്ലാ ലാബുകളും 71 ഉപജില്ലാ ലാബുകളും ഉൾപ്പെടുന്ന വിപുലമായ പരിശോധനാ സംവിധാനമാണ് നിലവിലുള്ളത്.

കേരള ജല അതോറിറ്റി മുഖേന വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി പ്രത്യേകം തയ്യാറാക്കിയ ആക്ഷൻ പ്ലാൻ അനുസരിച്ച് നിശ്ചിത ഇടവേളകളിൽ വിവിധ ജലവിതരണ പദ്ധതികളിൽ നിന്ന് ജലസാമ്പിളുകൾ ശേഖരിക്കുകയും ക്വാളിറ്റി കൺട്രോൾ വിഭാഗത്തിനു കീഴിലുള്ള ലാബുകളിൽ അവയുടെ ഗുണനിലവാരം പരിശോധിക്കുകയും ചെയ്തുവരുന്നു.പരിശോധനകളിലൂടെ ജലത്തിന്റെ ഗുണനിലവാരത്തിൽ എന്തെങ്കിലും അപാകതകൾ കണ്ടെത്തുന്നപക്ഷം, ആവശ്യമായ പരിഹാര നടപടികൾ അടിയന്തരമായി സ്വീകരിക്കുകയും തുടർന്ന് ഫലപ്രാപ്തി

വിലയിരുത്തുന്നതിനായി വീണ്ടും പരിശോധന നടത്തുകയും ജലത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യുന്നു.

ഇതിനുപുറമേ, ജലശുദ്ധീകരണശാലകളിൽ സജ്ജീകരിച്ചിട്ടുള്ള ഇൻ-ഹൗസ് പരിശോധനാ സംവിധാനങ്ങൾ മുഖേനയും നിശ്ചിത ഇടവേളകളിൽ ജലത്തിന്റെ ഗുണനിലവാരം നിരീക്ഷിച്ചുവരുന്നു. ജലശുദ്ധീകരണ പ്രക്രിയയുടെ വിവിധ ഘട്ടങ്ങളിൽ ആവശ്യമായ പരിശോധനകൾ നടത്തി ശുദ്ധീകരണത്തിന്റെ കാര്യക്ഷമത വിലയിരുത്തുകയും,വിതരണത്തിനായി തയ്യാറാക്കുന്ന ജലം നിശ്ചിത ഗുണനിലവാര മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ ലബോറട്ടറി പരിശോധനകളും ജലശുദ്ധീകരണശാലകളിലെ തുടർച്ചയായ നിരീക്ഷണവും ഏകോപിപ്പിച്ച് കേരള ജല അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്.

(സി) ജൽ ജീവൻ മിഷൻ പദ്ധതിക്കായി കുഴിച്ച റോഡുകളുടെ പുനരുദ്ധാരണത്തിനായി തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ജില്ലകളിലാണ് പ്രസ്തുത പ്രവൃത്തികൾ പൂർത്തിയായിട്ടുള്ളതെന്ന് വിശദമാക്കാമോ?

<u>മറുപടി:</u> ജൽ ജീവൻ മിഷൻ പദ്ധതിയിൽ റോഡുകളുടെ പുനരുദ്ധാരണത്തിനു മാത്രമായി തുക അനുവദിച്ചിട്ടില്ല. എന്നാൽ പൈപ്പിടുന്ന റോഡുകൾ പദ്ധതിയോടൊപ്പം പുനരുദ്ധരിക്കുന്നതിനു വേണ്ടി റസ്റ്റോറേഷൻ തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

PWD റോഡുകളുടെ പുനസ്ഥാപന പ്രവർത്തികൾ KWA കരാറുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള ഫണ്ടിന്റെ അഭാവം മൂലം മന്ദഗതിയിലായിരുന്നു. ഇത് മറികടക്കുവാനായി നബാർഡിൽ നിന്നും ലോൺ ലഭ്യമാക്കി കരാറുകാരുടെ കുടിശ്ശിക പരിഹരിച്ചിട്ടുണ്ട്. KWA കരാറുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള കഴിച്ചിട്ട റോഡുകളുടെ പുനഃസ്ഥാപന പ്രവർത്തികൾ എത്രയും വേഗം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

PWD-ക്ക് പുനഃസ്ഥാപന തുക അടച്ച് റോഡ് കഴിക്കുവാൻ അനുമതി ലഭ്യമായ സ്ഥലങ്ങളിൽ റോഡുകൾ പുനഃസ്ഥാപിക്കുന്നത് പൊതുമരാമത്ത് വകുപ്പാണ്. പുനഃസ്ഥാപന പ്രവർത്തികൾ വേഗത്തിലാക്കുവാനും തടസ്സങ്ങൾ നീക്കുവാനും വിവിധ തലങ്ങളിൽ മീറ്റിങ്ങുകൾ നടത്തി ആവശ്യമായ ഏകോപനം നടത്തിവരുന്നുണ്ട്.

PWD റോഡുകളിൽ 8772 കിലോമീറ്റർ പൈപ്പ് ഇടാനായി PWD യിൽ നിന്നും അനുമതി ലഭിച്ചതിൽ 4984 കിലോമീറ്റർ ദൂരം പൈപ്പ് സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ 3337 കിലോമീറ്റർ റോഡുകളുടെ പുനഃസ്ഥാപനം PWD യും 1647 കിലോമീറ്റർ റോഡുകളുടെ പുനഃസ്ഥാപനം KWA യും ആണ് നടപ്പിലാക്കേണ്ടത്. ഇതിൽ 314 കിലോമീറ്റർ PWD യും 866.60 കിലോമീറ്റർ KWA യും പൂർത്തിയാക്കിയിട്ടുണ്ട്. ശേഷിക്കുന്നത് പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് പൂർത്തിയാക്കുന്നതാണ്.

പഞ്ചായത്ത് റോഡുകൾ താൽക്കാലികമായി പുനഃസ്ഥാപിക്കുന്നതിനുള്ള തുക മാത്രമേ ജൽ ജീവൻ മിഷന്റെ ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിൽ ഭരണാനുമതി ലഭിച്ച പദ്ധതികളിൽ

അനുവദിച്ചിരുന്നുള്ളൂ. ഇതനുസരിച്ച് പൈപ്പ്ലൈൻ സ്ഥാപിച്ച ശേഷം പഞ്ചായത്ത് റോഡുകൾ താൽക്കാലികമായി പുനഃസ്ഥാപിച്ചിട്ടുണ്ട്. ജൽ ജീവൻ മിഷന്റെ നാലും അഞ്ചും ഘട്ടങ്ങളിൽ ഭരണാനുമതി ലഭ്യമായ പദ്ധതികളിൽ പഞ്ചായത്ത് റോഡുകളുടെ പുനഃസ്ഥാപനത്തിനുള്ള തുക കൂടി അനുമതി ലഭ്യമായിട്ടുണ്ട്.

തുടർന്ന് ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിൽ ഭരണാനുമതി ലഭിച്ച പദ്ധതികളിൽ കൂടി റോഡുകളുടെ പുനഃസ്ഥാപനത്തിന് ഫണ്ട് അനുവദിക്കണമെന്നുള്ള ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളുടെ പുനഃസ്ഥാപനത്തിനായി സമർപ്പിച്ച പദ്ധതികൾക്ക് (പൂർത്തീകരിച്ച പ്രവർത്തികൾ ഒഴികെ) 1351.20 കോടി രൂപയുടെ അംഗീകാരം കൂടി ലഭിച്ചിരുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള റോഡുകൾ മുറിക്കേണ്ട സാഹചര്യത്തിൽ പ്രസ്തുത റോഡുകളുടെ പുനഃസ്ഥാപനം സംബന്ധിച്ച് സ്വീകരിക്കേണ്ട നടപടികളുടെ വിശദമായ മാർഗരേഖ ഉൾപ്പെടുത്തികൊണ്ട് 08.01.2024 ൽ കേരള വാട്ടർ അതോറിറ്റി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട് ഏകോപിപ്പിച്ച പ്രവർത്തനത്തിലൂടെ മുറിച്ച റോഡുകൾ റിസ്റ്റോർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ ആഭ്യന്തര വികസന ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ് അല്ലെങ്കിൽ CFC ഗ്രാന്റ് മുൻകൂറായി വിനിയോഗിച്ച് അടിയന്തര റോഡ് പുനഃസ്ഥാപന പ്രവൃത്തികൾ നടത്തുവാൻ അനുമതി നൽകി 26.01.2026-ന് തദ്ദേശ സ്വയംഭരണ വകുപ്പ് സർക്കുലറും പുറപ്പെടുവിച്ചിട്ടുണ്ട്.

LSGD റോഡുകളിൽ 8891 കിലോമീറ്റർ ദൂരം പൈപ്പ് ഇട്ടതിൽ 3317 കിലോമീറ്റർ റോഡുകളുടെ പുനസ്ഥാപനം KWA യും 5574 കിലോമീറ്റർ LSGD യും ആണ് അറേഞ്ച് ചെയ്തിട്ടുള്ളത്. ഇതിൽ 1013 കിലോമീറ്റർ റോഡുകളുടെ പുനസ്ഥാപനം KWA യും 345 കിലോമീറ്റർ LSGD യും പൂർത്തിയാക്കിയിട്ടുണ്ട്.ബാക്കിയുള്ളത് പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് പൂർത്തിയാക്കുന്നതാണ്.

നിലവിൽ ജൽ ജീവൻ മിഷനുമായ ബന്ധപ്പെട്ട പ്രസ്തുത പ്രവർത്തികൾ ഒരു ജില്ലയിലും പൂർത്തീകരിച്ചിട്ടില്ല. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് റോഡ് പുനരുദ്ധാരണവും പൂർത്തീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ